File No.DFTVM/2128/2021-F3

**കേരള സർക്കാർ**

**'ഭരണഭാഷ – മാതൃഭാഷ'**

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:**06/12/2021**
ഇ–മെയിൽ :fisheriesdirector@gmail.com

നം : DFTVM/2128/2021–F3

**സർക്കുലർ നമ്പർ 5/2021**

വിഷയം : – ഫിഷറീസ്– ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളിൽ വാർഷിക പൊതുയോഗം ചേരുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന : – ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ / ഫിഷറീസ് ഡയറക്ടറുടെ 24.10.2008 ലെ എഫ്3/16714/08 നമ്പർ സർക്കുലർ.

ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വാർഷിക പൊതുയോഗം ചേർന്ന് ബഡ്ജറ്റ്, വരവ് ചെലവ് കണക്കുകൾ മുതലായവ അംഗീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. സഹകരണ സംഘം നിയമത്തിൽ 2014 ൽ വരുത്തിയ ഭേദഗതി (2014 ലെ 24 നമ്പർ നിയമം) പ്രകാരവും ചട്ടത്തിൽ 26.11.2014 ലെ എസ്.ആർ.ഒ. നം.733/2014 പ്രകാരവും വന്ന ഭേദഗതികൾ അനുസരിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1969 ലെ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും അനുസരിച്ച് (വകുപ്പ് 29) സംഘങ്ങളുടെ പൊതുയോഗം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം വിളിച്ചു ചേർക്കേണ്ടതാണ്.
2. പൊതുയോഗം ചേരുന്നതിന് മുന്നോടിയായി ഭരണസമിതി ചേരേണ്ടതും പൊതുയോഗത്തിൽ സമർപ്പിക്കേണ്ട, ബൈലോ പ്രകാരവും നിയമാനുസൃതവുമായുള്ള എല്ലാ വാർഷിക കണക്കുകളും, രേഖകളും (പൊതുയോഗ അജണ്ടകൾ, ബൈലോ ഭേദഗതികൾ, പ്രമേയങ്ങൾ അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന തീയതിയും) ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ പൊതുയോഗ തീയതി, സമയം, സ്ഥലം എന്നിവയും തീരുമാനിക്കേണ്ടതാണ്.
3. പൊതുയോഗ നോട്ടീസ് സ്ഥലം, തീയതി, സമയം ഉൾപ്പെടുത്തിയത് അജണ്ട

സഹിതം കുറഞ്ഞത് 15 പൂർണ്ണദിവസം മുമ്പ് (ചട്ടം 8 എ) അംഗങ്ങൾക്ക് നൽകേണ്ടതാണ്.

4. പൊതുയോഗ നോട്ടീസ് (ചട്ടം 9 പ്രകാരം) 500 അംഗങ്ങളിൽ കവിയാത്ത സംഘങ്ങൾ അംഗങ്ങൾക്ക് നേരിട്ട് നൽകി ഒപ്പ വാങ്ങുകയോ, രജിസ്റ്റേഡ് തപാലിലോ അംഗീകൃത കൊറിയർ സർവ്വീസ് വഴിയോ നൽകേണ്ടതും, 500 അംഗങ്ങളിൽ കൂടുതലുള്ള സംഘങ്ങൾ പ്രവർത്തനപരിധിയിൽ പ്രചുരപ്രചാരമുള്ള രണ്ട് സ്വഭാഷാ ദിനപത്രങ്ങളിൽ പരസ്യം ചെയ്തും പൊതുയോഗം അംഗങ്ങളെ അറിയിക്കേണ്ടതാണ്. കൂടാതെ സംഘം ഓഫീസ് നോട്ടീസ് ബോർഡിലും, ജില്ലാ സഹകരണ ബാങ്ക് / കേരള ബാങ്ക് ശാഖയിലും പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, വില്ലേജ്/ ബ്ലോക്ക്/ താലൂക്ക് ഓഫീസ്, അസിസ്റ്റൻറ് ഡയറക്ടർ (ഓഡിറ്റ്), അസിസ്റ്റൻറ് രജിസ്ട്രാർ (ഫിഷറീസ്), സർക്കിൾ സഹകരണ യൂണിയൻ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതിനായി നൽകേണ്ടതാണ്. എസ്.എം.എസ്., ഇ-മെയിൽ, പ്രാദേശിക ചാനലുകൾ വഴിയും സംഘം പ്രവർത്തന പരിധിയിൽ ബാനർ സ്ഥാപിച്ചും പ്രചാരണം നടത്തണം. കൂടാതെ മത്സ്യത്തൊഴിലാളികൾ കൂട്ടമായി എത്തിച്ചേരുന്ന ക്ഷേമനിധി ബോർഡ്, മത്സ്യഭവനുകൾ എന്നീ ഓഫീസിലെ നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുന്നതിനായി നൽകേണ്ടതാണ്.
5. പൊതുയോഗ നോട്ടീസിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 29(1) ൽ എ മുതൽ ഇ വരെയുള്ള അജണ്ടകൾ നിർബന്ധമായും ഉണ്ടായിരിക്കണം. ബൈലോ ഭേദഗതി ഉണ്ടെങ്കിൽ ബൈലോ നിലവിലുള്ളത്, ഭേദഗതി, ന്യായീകരണം എന്നിവ നോട്ടീസിനൊപ്പം ഉൾപ്പെടുത്തിയിരിക്കണം.
6. വകുപ്പ് 28(2) പ്രകാരം പൊതുയോഗത്തിൽ തജിസ്ട്രാർക്കോ, രജിസ്ട്രാരുടെ പ്രതിനിധിക്കോ പങ്കെടുക്കുന്നതിന് അധികാരമുണ്ട്. ആയതിനാൽ എല്ലാ ഫിഷറീസ് സഹകരണ ഇൻസ്പെക്ടർമാരും രജിസ്ട്രാരുടെ പ്രതിനിധിയെന്ന നിലക്ക് തങ്ങളുടെ ചുമതലയിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെ പൊതുയോഗങ്ങളിലും, ആവശ്യമായ സാഹചര്യത്തിൽ ഭരണസമിതി യോഗങ്ങളിലും പങ്കെടുക്കേണ്ടതും യോഗം നിയമാനുസൃതമാണോ എന്ന് നിരീക്ഷിക്കേണ്ടതും രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
7. പൊതുയോഗത്തിന് സഹകരണ നിയമത്തിലും, സംഘം ബൈലോയിലും വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള ക്വാറം ഉണ്ടായിരിക്കണം.
8. പൊതുയോഗ മിനുട്സിൽ യോഗത്തിൽ പങ്കെടുക്കുന്നവരുടെ പേരും, മെമ്പർ നമ്പരും, ഒപ്പും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
9. പൊതുയോഗ നോട്ടീസിൽ പറഞ്ഞപ്രകാരമുള്ള ഓരോ അജണ്ടയും ക്രമ പ്രകാരം എടുത്ത് ചർച്ച ചെയ്ത് തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തണം. ഓരോ തീരുമാനത്തിനും നമ്പർ രേഖപ്പെടുത്തിയിരിക്കണം.
10. വാർഷിക കണക്കുകളായ കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്ക്, വ്യാപാര അക്കൗണ്ട്, ലാഭനഷ്ട കണക്ക്, ബാലൻസ് ഷീറ്റ്, പ്രവർത്തന റിപ്പോർട്ട് ഉൾപ്പെടെ പൂർണ്ണമായി മിനുട്സിൽ രേഖപ്പെടുത്തി അംഗീകരിച്ചതായി തീരുമാനിക്കണം. മേൽ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുവാൻ തീരുമാനിക്കണം.
11. വാർഷിക കണക്കുകൾ വിലയിരുത്തി സംഘത്തിന്റെ ലാഭനഷ്ടം കണക്കാക്കി

പോരായ്മകൾ വിലയിരുത്തി നഷ്ടം കുറയ്ക്കുന്നതിന് സംഘത്തിൽ നടപ്പാക്കേണ്ട ഭാവി പരിപാടികൾ ചർച്ച ചെയ്ത് തീരുമാനിച്ച് മിനുട്സിൽ രേഖപ്പെടുത്തണം.

12. അടുത്ത സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിന് ആവശ്യമായ കരട് ബഡ്ജറ്റും, ആവശ്യമെങ്കിൽ സപ്ലിമെൻററി ബഡ്ജറ്റും തയ്യാറാക്കി പൂർണ്ണമായും മിനുട്സിൽ എഴുതി അംഗീകരിച്ചതായി രേഖപ്പെടുത്തണം.
13. ഓഡിറ്റ് റിപ്പോർട്ട് പൊതുയോഗത്തിൽ പൂർണ്ണമായും വായിച്ച് റിക്കാർഡ് ചെയ്യേണ്ടതും ഓഡിറ്റ് ന്യൂനത സംഗ്രഹ പരിഹരണ റിപ്പോർട്ട് സഹിതം അംഗീകരിച്ച് മിനുട്സിൽ രേഖപ്പെടുത്തേണ്ടതും, രജിസ്ട്രാർക്ക് സമർപ്പിക്കുവാനും തീരുമാനമെടുക്കേണ്ടതാണ്.
14. സംഘത്തിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ, മത്സ്യലേലം, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്തി പോരായ്മകൾ പരിഹരിച്ച് ലാഭത്തിലാക്കാനുള്ള തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.
15. ബൈലോ ഭേദഗതി പൂർണ്ണമായും പൊതുയോഗത്തിൽ വായിച്ച് ഹാജരുള്ള അംഗങ്ങളുടെ 2/3 ഭൂരിപക്ഷത്തോടെ പാസ്സാക്കി ബൈലോ നിലവിലുള്ളത് ഭേദഗതി, ന്യായീകരണം സഹിതം മിനുട്സിൽ രേഖപ്പെടുത്തി അംഗീകരിച്ചതായി തീരുമാനിക്കണം. രജിസ്ട്രാർക്ക് സമർപ്പിക്കുവാനും തീരുമാനിക്കണം.
16. 2014 നിലവിൽ വന്ന സഹകരണ സംഘം നിയമം ഭേദഗതി 26.11.2014 ലെ എസ്.ആർ.ഒ. നം.733/2014 നമ്പറായും വന്ന ഭേദഗതി പ്രകാരം ബൈലോഭേദഗതി വരുത്തിയിട്ടില്ലാത്ത എല്ലാ സഹകരണ സംഘങ്ങളുടെയും ബൈലോ പൂർണ്ണമായോ ഭേദഗതി ആവശ്യമായ ഖണ്ഡികകൾ മാത്രമായോ അടുത്ത പൊതുയോഗത്തിൽ നിർബന്ധമായും നിയമാനുസൃതം ഭേദഗതി വരുത്തേണ്ടതും, രജിസ്ട്രാരുടെ അംഗീകാരത്തിന് ഒരുമാസത്തിനകം ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കേണ്ടതുമാണ്. ഉദാ-(1) ഭരണസമിതി തെരഞ്ഞെടുപ്പ് ചട്ടം 35 എന്നത് 35 (എ) എന്ന് ഭേദഗതി വരുത്തണം, (2) ഭരണസമിതിയിലെ വനിത എസ്.സി/ എസ്.ടി പ്രാതിനിധ്യം (3) ഭരണസമിതി കാലാവധി (4) ഭരണസമിതിയുടെ ക്വാറം (5)സാമ്പത്തികവർഷം അവസാനിച്ച് ആറുമാസത്തിനകം പൊതുയോഗം ചേരണം,(6)പൊതുയോഗനോട്ടീസ് പൊതുയോഗ തീയതിക്ക് 15 പൂർണ്ണദിവസം മുമ്പ് അംഗങ്ങൾക്ക് നൽകണം)
17. പൊതുയോഗ ചെലവ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 27.06.2011 ന് ഇറക്കിയ 45/2011 നമ്പർ സർക്കുലറിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി 60 രൂപ (അറുപത് രൂപ മാത്രം) നിരക്കിലും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ഒരംഗത്തിന് പരമാവധി 30 രൂപ (മുപ്പത് രൂപ) നിരക്കിലും ചെലവ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മേൽ നിരക്കിൽ പൊതുയോഗത്തിൽ ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നു.
18. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ പൊതുയോഗത്തിൽ വെച്ച് വകുപ്പ് 56 പ്രകാരം അറ്റാദായ വിഭജനം നടത്തേണ്ടതാണ്.

D- 12



19. നിയമാനുസൃതം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൊതുയോഗം ചേരാത്ത സംഘങ്ങളിൽ വകുപ്പ് 29(3) ഉപവകുപ്പ്(1) പ്രകാരം രജിസ്ട്രാർക്കോ അദ്ദേഹം നിയമിക്കുന്ന പ്രതിനിധിക്കോ വാർഷിക പൊതുയോഗം വിളിച്ചുകൂട്ടാവുന്നതും അപ്രകാരം കൂടുന്ന യോഗത്തിന്റെ ചെലവ് സംഘം വഹിക്കേണ്ടതുമാണ്, വാർഷിക പൊതുയോഗം യഥാസമയം നടക്കാത്ത ഭരണസമിതി അംഗങ്ങളെ അയോഗ്യരാക്കുന്നതുമാണ്.

മേൽ നിർദ്ദേശങ്ങൾ സഹകരണ സ്ഥാപനങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. മേഖലാ രജിസ്ട്രാർമാരും, അസിസ്റ്റൻറ് രജിസ്ട്രാർമാരും, ഫിഷറീസ് സഹകരണസംഘം ഇൻസ്പെക്ടർമാരും അവരുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ മേൽ നിർദ്ദേശങ്ങൾ കൊണ്ടുവരേണ്ടതും സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്ന അവസരങ്ങളിൽ ടി നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

Signature valid

Digitally signed by R GIRIJA IAS
Date: 2021.12.06 10:21:56 IST
Reason: Approved

...A IAS
DIRECTOR OF FISHERIES

പകർപ്പ് :-

1. എല്ലാ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘം സെക്രട്ടറി / പ്രസിഡന്റുമാർക്കും
2. മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ
3. എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
4. എല്ലാ ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്കും
5. സ്റ്റോക്ക് ഫയൽ / സ്പെയർ